234

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# നാവികർ പ്രാവിഡൻറ് ഫണ്ട് ആക്റ്റ്, 1966

( 1966-ലെ 4 )

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ്
സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ
അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

1977

വില:

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# നാവികർ പ്രാവിഡൻറ് ഫണ്ട് ആക്റ്റ്, 1966

(1966-ലെ 4)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

1977

# നാവികർ പ്രാവിഡൻറ് ഫണ്ട് ആക്റ്റ്, 1966

( 1966-ലെ 4-ാംനമ്പർ )

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ

1. ചുരുക്കപ്പേരും ബാധകതയും
2. നിർവ്വചനങ്ങൾ
3. നാവികർ പ്രാവിഡൻറ് ഫണ്ട് പദ്ധതി
4. ഫണ്ട് നിക്ഷിപ്തമാക്കൽ മുതലായവ
5. ട്രസ്റ്റി ബോർഡ് ഏർപ്പെടുത്തൽ
6. കമ്മിറ്റികൾ
7. ബോർഡിലെ ജോലിക്കാരുടെ നിയമനം
8. അംശദായങ്ങൾ
9. നിയോജകൻമാരിൽനിന്ന് കിട്ടാനുള്ള തുകകൾ നിശ്ചയിക്കുന്നത്
10. നിയോജകൻമാരിൽനിന്ന് കിട്ടാനുള്ള പണം വസൂലാക്കുന്ന സംപ്രദായം
11. ഫണ്ട് 1961-ലെ 43-ാംനമ്പർ ആക്റ്റിൻകീഴിൽ അംഗീകൃത പ്രാവിഡൻറ് ഫണ്ടായി കരുതപ്പെടുമെന്ന്
12. ജപ്തിക്കെതിരായുള്ള സംരക്ഷണം
13. അംശദായങ്ങൾ കൊടുക്കലിന് മറ്റു കടങ്ങളെ അപേക്ഷിച്ചുള്ള മുൻഗണന

14 നിയോജകൻ കൂലി കുറയ്ക്കാൻ പാടില്ലെന്ന്

15 ഇൻസ്പെക്റ്റർമാർ

16. ദണ്ഡനങ്ങൾ
17. കമ്പനികളാലുള്ള കുറ്റങ്ങൾ
18. നഷ്ടപരിഹാരം വസൂലാക്കാനുള്ള അധികാരം
19. അക്കൗണ്ട് മാറ്റുന്നത്
20. ഒഴിവാക്കാനുള്ള അധികാരം
21. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം
22. പ്രത്യായോജനം
23. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം
24. പദ്ധതി പാർലമെൻറിൻെറ സഭകളുടെ മുമ്പാകെ വയ്ക്കണമെന്ന്

3/4430/S.

# നാവികർ പ്രാവിഡൻറ് ഫണ്ട് ആക്റ്റ്, 1966

## (1966-ലെ 4-ാം നമ്പർ)

### നാവികർക്ക് ഒരു പ്രാവിഡൻറ് ഫണ്ട് സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

[1966 മാർച്ച്, 26]

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പതിനേഴാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും ബാധകതയും.—(1) ഈ ആക്റ്റിന്, നാവികർ പ്രാവിഡൻറ് ഫണ്ട് ആക്റ്റ്, 1966 എന്നു പേർ പറയാവുന്നതാണ്.

(2) മററുവിധത്തിൽ പ്രകടമായി വ്യവസ്ഥചെയ്തിട്ടില്ലാത്തപക്ഷം, ഈ ആക്റ്റിലെ വ്യവസ്ഥകൾ, ഏതൊരു നാവികനും, അങ്ങനെയുള്ള നാവികൻെറ നിയോജകനും ബാധകമാകുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(ക) "ക്രൂവുമായുള്ള കരാറിന്", അതതുസംഗതിപോലെ, കച്ചവടക്കപ്പൽ പരിവഹണ ആക്റ്റ്, 100-ാം വകുപ്പിലോ 114-ാം വകുപ്പിലോ പരാമർശിക്കുന്ന കരാർ എന്നർത്ഥമാകുന്നു;

(ഖ) "ബോർഡി"ന്, 5-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന നാവികർ പ്രാവിഡൻറ് ഫണ്ട് ട്രസ്ററി ബോർഡ് എന്നർത്ഥമാകുന്നു ;

(ഗ) "തുടർച്ചയായുള്ള ഡിസ്ചാർജ്ജ് സർട്ടിഫിക്കററി"ന്, കച്ചവടക്കപ്പൽ പരിവഹണ ആക്റ്റ്, 99-ാം വകുപ്പിൽ പരാമർശിക്കുന്ന സർട്ടിഫിക്കററ് എന്നർത്ഥമാകുന്നു ;

(ഘ) "അംശദായ"ത്തിന്, പദ്ധതിയ്ക്കു കീഴിൽ ഒരു അംഗത്തെ സംബന്ധിച്ച് കൊടുക്കേണ്ട അംശദായം എന്നർത്ഥമാകുന്നു ;

(ങ) "നിയോജകൻ" എന്നാൽ, ഒരു നാവികനെ സംബന്ധിച്ച്, ഏതു കപ്പലിലാണോ ആ നാവികൻ നിയോജിക്കപ്പെടുകയോ ഏർപ്പെടുത്തപ്പെടുകയോ ചെയ്തിരിക്കുന്നത്, ആ കപ്പലിൻെറ ഉടമസ്ഥനോ അങ്ങനെയുള്ള ഉടമസ്ഥൻെറ ഏജൻേറാ കപ്പലിൻെറ മാസ്ററോ എന്നർത്ഥമാകുന്നു;

(ച) "ഫണ്ടി"ന്, പദ്ധതിക്ക് കീഴിൽ സ്ഥാപിക്കപ്പെടുന്ന നാവികർ പ്രാവിഡൻറ് ഫണ്ട് എന്നർത്ഥമാകുന്നു;

(ഛ) "ഗവൺമെൻറി"ന്, കേന്ദ്രഗവൺമെൻറ് എന്നർത്ഥമാകുന്നു.

(ജ) "മാസ്ററർ"ക്കും, "കപ്പലി"നും, കച്ചവടക്കപ്പൽ പരിവഹണ ആക്റ്റിൽ, അവയ്ക്ക് യഥാക്രമം നല്കിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

(ഝ) ''അംഗ''ത്തിന്, തുടർച്ചയായുള്ള ഡിസ്ചാർജ് സർട്ടിഫിക്കററ് ഉള്ളവനും ഫണ്ടിൽ അംഗമായി ചേർക്കപ്പെടുന്നവനുമായ നാവികൻ എന്നർത്ഥമാകുന്നു;

(ഞ) ''കച്ചവടക്കപ്പൽ പരിവഹണ ആക്ററി''ന്, കച്ചവടക്കപ്പൽ പരിവഹണ ആകററ്, 1958 എന്നർത്ഥമാകുന്നു;

(ട) ''പദ്ധതി''ക്ക്, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന നാവികർ പ്രാവിഡൻറ് ഫണ്ട് പദ്ധതി എന്നർത്ഥമാകുന്നു;

(ഠ) ''നാവിക''ന്, കച്ചവടക്കപ്പൽ പരിവഹണ ആക്ററിൻ കീഴിൽ ഒരു കപ്പലിൻെറ ക്രൂവിലെ അംഗമായി നിയോജിക്കപ്പെടുകയോ ഏർപ്പെടുത്തപ്പെടുകയോ ചെയ്യുന്ന ആരം എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ മാസ്ററോ, കപ്പലോടിക്കുന്ന ആഫീസറോ, ഇഞ്ചിനീയറിംങ്ങ് ആഫീസറോ, റേഡിയോ ആഫീസറോ, മെഡിക്കൽ ആഫീസറോ, ക്ഷേമ ആഫീസറോ, പഴ്സറോ, എലക്ട്രീഷ്യനോ, നഴ്സോ, ഗായകനോ,പൈലററോ, അപ്രൻറിസോ, ഡെക്ക് ബാർബറോ ഉരംപ്പെടുന്നതല്ലാത്തതുമാകുന്നു;

(ഡ) ''സേവന''ത്തിന്, ക്രൂവുമായുള്ള കരാറിൻ കീഴിലെ ഒരു നാവികൻെറ നിയോജനകാലം എന്നർത്ഥമാകുന്നതും, അതിൽ, ഏതു കാലം സംബന്ധിച്ചാണോ അയാരംക്ക് കൂലി കൊടുക്കുന്നത് അല്ലെങ്കിൽ കൊടുക്കേണ്ടത്, അങ്ങനെയുള്ള ഏതെങ്കിലും കാലം ഉരംപ്പെടുന്നതുമാകുന്നു;

(ഢ) ''കൂലി''യ്ക്ക്, ക്രൂവുമായുള്ള കരാറിൻകീഴിൽ ഒരു നാവികന്, തൽസമയം കൊടുക്കേണ്ട അടിസ്ഥാനക്കൂലി എന്നർത്ഥമാകുന്നതും അതിൽ,—

(i) ഒഴിവുദിവസങ്ങളോ ഏതെങ്കിലും അവധിക്കാലമോ സംബന്ധിച്ച്, അയാരംക്ക് അവകാശമുള്ള ഏതെങ്കിലും വേതനവും;

(ii) അങ്ങനെയുള്ള കരാറോ കക്ഷികരം തമ്മിലുള്ള മറേറതെങ്കിലും കരാറോ അനുസരിച്ചുള്ള അങ്ങനെയുള്ള കൂലിയിലെ ഏതെങ്കിലും വർദ്ധനയും,

ഉരംപ്പെടുന്നതും, എന്നാൽ ഓവർറൈറംബത്ത ഉരംപ്പെടുന്നതല്ലാത്തതുമാകുന്നു.

3. <u>നാവികർ പ്രാവിഡൻറ് ഫണ്ട് പദ്ധതി.</u>—(1) ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നാവികർക്കുള്ള ഒരു പ്രാവിഡൻറ് ഫണ്ടിൻെറ സ്ഥാപനത്തിനായി നാവികർ പ്രാവിഡൻറ് ഫണ്ട് പദ്ധതി എന്നുപേർപറയപ്പെടുന്ന ഒരു പദ്ധതി തയ്യാറാക്കാവുന്നതും, പദ്ധതി തയ്യാറാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ ഈ ആക്ററിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു ഫണ്ട് സ്ഥാപിക്കപ്പെടേണ്ടതുമാകുന്നു.

(2) ഈ ആക്ററിലെ വ്യവസ്ഥകരംക്കു വിധേയമായി, പദ്ധതിയ്ക്കു ഈ ആക്ററിലെ പട്ടികയിൽ വിനിർദ്ദേശിക്കപ്പെടുന്ന എല്ലാ വിഷയങ്ങരംക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) പദ്ധതിക്ക്, അതിലെ വ്യവസ്ഥകളിൽ ഏതെങ്കിലും, മുൻകാല പ്രാബല്യത്തോടേയോ പിൽക്കാല പ്രാബല്യത്തോടേയോ പദ്ധതിയിൽ ഇതിലേക്ക് വിനിർദ്ദേശിക്കപ്പെടുന്ന തീയതി ഫലത്തിൽ വരുന്നതാണെന്നു വ്യവസ്ഥചെയ്യാവുന്നതാണ്.

(4) തൽസമയം പ്രാബല്യത്തിലുള്ള ഈ ആക്ററ് അല്ലാത്ത ഏതെങ്കിലും നിയമത്തിലോ, ഈ ആക്ററ് അല്ലാത്ത ഏതെങ്കിലും നിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തുതന്നെയടങ്ങിയിരുന്നാലും, പദ്ധതിക്ക് പ്രഭാവമുണ്ടായിരിക്കുന്നതാണ്.

(5) ഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പദ്ധതിയോടുകൂട്ടിച്ചേർക്കുകയോ, അതു ഭേദഗതി ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

4. ഫണ്ട് നിക്ഷിപ്തമാക്കൽ മുതലായവ.—(1) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഫണ്ട്, 5-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന ബോർഡിൽ നിക്ഷിപ്തമായിരിക്കുകയും, അതിനാൽ ഭരിക്കപ്പെടുകയും ചെയ്യുന്നതാകുന്നു.

(2) ഫണ്ടിലെ പണം,—

(ക) ബോർഡിലെ ജോലിക്കാരുടെ ശമ്പളവും ബത്തകളും ബോർഡിന്റെ മററു ഭരണച്ചെലവുകളും നേരിടുന്നതിനും,

(ഖ) ഈ ആക്ററിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനും,

ആയി ഉപയോഗിക്കപ്പെടേണ്ടതാകുന്നു.

(3) ഫണ്ടിലെ എല്ലാ പണവും, സ്റേററ് ബാങ്ക് ആഫ് ഇൻഡ്യയിൽ ഡെപ്പോസിററ് ചെയ്യുകയോ ഗവൺമെന്റ് അംഗീകരിക്കുന്ന ഈടുപത്രങ്ങളിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാകുന്നു.

5. ട്രസ്ററി ബോർഡ് ഏർപ്പെടുത്തൽ.—(1) ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കുന്ന തീയതി മുതല്ക്കുള്ള പ്രഭാവത്തോടുകൂടി, നാവികർ പ്രാവിഡന്റ് ഫണ്ടിന്റെ ട്രസ്ററി ബോർഡ് എന്നറിയപ്പെടേണ്ട ഒരു ബോർഡ് ഏർപ്പെടുത്തേണ്ടതും, അത് ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും, മുൻപറഞ്ഞ നാമത്തിൽ അതിന് വ്യവഹരിക്കുകയും, അതിനെതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യാവുന്നതുമാണ്.

(2) ബോർഡിന്റെ ഹെഡാഫീസ് ബാംബേയിലോ, ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്ന മററു സ്ഥലത്തോ ആയിരിക്കുന്നതാണ്.

(3) ബോർഡ്,—

(ക) ഗവൺമെന്റിനാൽ നിയമിക്കപ്പെടേണ്ട ചെയർമാനും;

(ഖ) ഗവൺമെന്റ് അതിന്റെ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ നിന്ന് നിയമിക്കുന്ന മൂന്നിൽ കവിയാത്തത്ര ആളുകളും;

(ഗ) നിയോജകരെ പ്രതിനിധാനം ചെയ്യുന്നവരും ഗവൺമെന്റ് ഇതിലേയ്ക്ക് അംഗീകരിക്കുന്ന നിയോജക സംഘടനയുമോ സംഘടനകളുമോ ആയി ആലോചിച്ചതിനുശേഷം ഗവൺമെന്റിനാൽ നിയമിക്കപ്പെടേണ്ട മൂന്നു ആളുകളും:

(ഘ) നാവികരെ പ്രതിനിധാനം ചെയ്യുന്നവരും ഗവൺമെന്റ് ഇതിലേയ്ക്ക് അംഗീകരിക്കുന്ന നാവികർ സംഘടനയുമോ സംഘടനകളുമോ ആയി ആലോചിച്ചതിനുശേഷം ഗവൺമെന്റിനാൽ നിയമിക്കപ്പെടേണ്ടുന്ന മൂന്നുആളുകളും:

അടങ്ങിയതായിരിക്കേണ്ടതാകുന്നു.

(4) ബോർഡിലെ ഒരു അംഗത്തെ നിയമിക്കുന്നത്, ഏതു നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി ആണെന്നുള്ളതും, ബോർഡിന്റെ യോഗങ്ങളുടെ സമയവും സ്ഥലവും കോറം ഉൾപ്പെടെയുള്ള നടപടിക്രമവും പദ്ധതിയിൽ വ്യവസ്ഥചെയ്യുന്നതുപോലെ ആയിരിക്കേണ്ടതാകുന്നു.

(5) ബോർഡ്, അതിൽ നിക്ഷിപ്തമായിരിക്കുന്ന ഫണ്ടിന്റെ ഭരണം പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ നടത്തേണ്ടതാകുന്നു;

(6) ബോർഡ്, പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥയോ അതിൻ കീഴിലോ ബോർഡിനോട് നിർവ്വഹിക്കാൻ അവശ്യപ്പെടുന്ന മററു ചുമതലകൾ നിർവ്വഹിക്കേണ്ടതാകുന്നു.

6 കമ്മററികൾ.—(1) ബോർഡിന്, അപ്പോഴപ്പോൾ, ഒന്നോ അതിലധികമോ കമ്മിററിയോ കമ്മിററികളോ, ബോർഡിന്റെ ഏതെങ്കിലും അധികാരം പ്രയോഗിക്കുന്നതിനോ ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കുന്നതിനോ, അല്ലെങ്കിൽ അങ്ങനെയുള്ള കമ്മററിക്കോ കമ്മററികൾക്കോ ബോർഡ് റഫർ ചെയ്യുന്ന ഏതെങ്കിലും വിഷയത്തെക്കുറിച്ച് അന്വേഷിക്കുകയോ റിപ്പോർട്ട് ചെയ്യുകയും ഉപദേശിക്കുകയുംചെയ്യുകയോ ചെയ്യുന്നതിനോ ആയിഏർപ്പെടുത്താവുന്നതാണ്.

(2) കമ്മററിയിൽ ബോർഡിലെ അംഗങ്ങളല്ലാത്ത ആളുകൾ ഉൾപ്പെടാവുന്നതും, എന്നാൽ അവരുടെ എണ്ണം അതിന്റെ അംഗസംഖ്യയുടെ പകുതിയിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

7. ബോർഡിലെ ജോലിക്കാരുടെ നിയമനം.—(1) ഗവൺമെൻറ്, ഒരു നാവികർ പ്രാവിഡൻറ് ഫണ്ട് കമ്മീഷണറെ നിയമിക്കേണ്ടതും, അയാൾ ബോർഡിന്റെ മുഖ്യ നിർവ്വാഹക ഉദ്യോഗസ്ഥനായിരിക്കുകയും ബോർഡിന്റെ പൊതുനിയന്ത്രണത്തിനും മേൽനോട്ടത്തിനും വിധേയനായിരിക്കുകയും ചെയ്യേണ്ടതും ആകുന്നു.

(2) ഗവൺമെൻറിന്, നാവികർ പ്രാവിഡൻറ് ഫണ്ട് കമ്മീഷണറെ അയാളുടെ കർത്തവ്യ നിർവ്വഹണത്തിൽ സഹായിക്കുന്നതിനായി ആവശ്യമെന്നു കരുതുന്നത്ര ഡെപ്യൂട്ടി നാവികർ പ്രാവിഡൻറ് ഫണ്ട് കമ്മീഷണർമാരെയും പരമാവധി പ്രതിമാസശമ്പളം അറുനൂറ് രൂപയിൽ കുറയാത്ത മററ് ഉദ്യോഗസ്ഥൻമാരെയും കൂടി നിയമിക്കുകയും ചെയ്യാവുന്നതാണ്.

(3) ബോർഡിന്, പദ്ധതിയുടെ കാര്യക്ഷമമായ ഭരണത്തിന് ആവശ്യകമാണെന്നു കരുതുന്ന മററ് ഉദ്യോഗസ്ഥൻമാരേയും ജോലിക്കാരേയും നിയമിക്കാവുന്നതാണ്.

(4) നാവികർ പ്രാവിഡൻറ് ഫണ്ട് കമ്മീഷണറുടേയോ ഡെപ്യൂട്ടി നാവികർ പ്രാവിഡൻറ് ഫണ്ട് കമ്മിഷണറുടേയോ തസ്തികയിലേക്കോ അറുനൂറു രൂപയിൽ കുറയാത്ത പരമാവധി പ്രതിമാസ ശമ്പളമുള്ള മററ് ഏതെങ്കിലും തസ്തികയിലേക്കോ ഉള്ള യാതൊരു നിയമനവും യൂണിയൻ പബ്ലിക് സർവ്വീസ് കമ്മിഷനുമായി ആലോചിച്ചതിനുശേഷമല്ലാതെ നടത്താൻ പാടുള്ളതല്ല:

എന്നാൽ അങ്ങനെയുള്ള യാതൊരാലോചനയും—

(ക) ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കുള്ള അങ്ങനെയുള്ള നിയമനം സംബന്ധിച്ചോ; അല്ലെങ്കിൽ

(ഖ) നിയമിക്കപ്പെടേണ്ട ആൾ, അയാളുടെ, നിയമന സമയത്ത്—

(i) ഇൻഡ്യൻ അഡ്മിനിസ്ട്രേററീവ് സർവ്വീസിലെ അംഗമായിരിക്കുകയോ,

(ii) ക്ലാസ് I അല്ലെങ്കിൽ ക്ലാസ് II തസ്തികയിൽ ഗവൺമെൻറ് സർവ്വീസിലോ ബോർഡ് സർവ്വീസിലോ ആയിരിക്കുകയോ ചെയ്യുന്നുവെങ്കിലോ,

ആവശ്യമായിരിക്കുന്നതല്ല.

(5) നാവികർ പ്രാവിഡൻറ് ഫണ്ട് കമ്മീഷണറുടേയും, (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥൻമാരുടേയും റിക്രൂട്ട്മെൻറ് സംപ്രദായവും, ശമ്പളവും ബത്തകളും അച്ചടക്കവും മററു സേവനവ്യവസ്ഥകളും ഗവൺമെൻറ് വിനിർദ്ദേശിക്കുന്നതുപോലെ ആയിരിക്കുന്നതാണ്.

(6) ബോർഡിലെ മററു ഉദ്യോഗസ്ഥൻമാരുടേയും ജോലിക്കാരുടേയും റിക്രൂട്ട്മെൻറ് സമ്പ്രദായവും ശമ്പളവും ബത്തകളും അച്ചടക്കവും മററു സേവനവ്യവസ്ഥകളും ബോർഡ്, ഗവൺമെൻറ് അംഗീകാരത്തോടുകൂടി വിനിർദ്ദേശിക്കുന്നതുപോലെ ആയിരിക്കുന്നതാണ്.

(7) ഈ വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന എല്ലാ ആളുകളും ബോർഡിൻെറ ജോലിക്കാരായിരിക്കുന്നതാണ്.

8. അംശദായങ്ങൾ.—(1) ഈ ആക്ററ് ബാധകമാകുന്ന ഏതൊരു നിയോജകനും, താൻ നിയോജിക്കുന്ന (അംഗമായിരിക്കുന്ന) ഓരോ നാവികനേയും സംബന്ധിച്ച് 1964 ജൂലൈ 1-ാം തീയതിയോടെ ആരംഭിച്ച് 1966 മാർച്ച് 31-ാം തീയതിയോടെ അവസാനിക്കുന്ന കാലത്തേയ്ക്ക്, അങ്ങനെയുള്ള ഓരോനാവികനും കൊടുക്കുന്നതോ കൊടുക്കേണ്ടതോ ആയ കൂലിയുടെ ആറുശതമാനം നിരക്കിലും അതിനുശേഷം എട്ടുശതമാനം നിരക്കിലും ഫണ്ടിലേക്ക് അംശദായം ചെയ്യേണ്ടതും, അങ്ങനെയുള്ള ഏതൊരു നാവികനും, അയാളെ സംബന്ധിച്ച്, നിയോജകൻ കൊടുക്കേണ്ട അംശദായത്തിനു തുല്യമായ തുക ഫണ്ടിലേക്ക് അംശദായം ചെയ്യേണ്ടതുമാകുന്നു.

എന്നാൽ, മുൻപറഞ്ഞ അംശദായത്തുക പദ്ധതിയുടെ പ്രാരംഭത്തിനു മുമ്പുള്ള കാലത്തെ സംബന്ധിക്കുന്നിടത്തോളം, അതതുസംഗതിപോലെ, നിയോജകനാലോ നാവികനാലോ, ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന (പദ്ധതിയുടെ പ്രാരംഭത്തിനു ശേഷം അറുപതു ദിവസത്തിനു മുമ്പുള്ള ഒരു തീയതിയല്ലാത്ത) തീയതിയിൽ മാത്രം, കൊടുക്കേണ്ടതായിരിക്കുന്നതാണ്.

(2) നിയോജകൻ, താൻ നിയോജിക്കുന്ന (അംഗമായിരിക്കുന്ന) ഓരോ നാവികനേയും സംബന്ധിച്ച്. നിയോജകൻെറ അംശദായവും ജോലിക്കാരൻെറ അംശദായവും, രണ്ടുംകൊടുക്കേണ്ടതും നിയോജകന്, നാവികനിൽ നിന്ന് ജോലിക്കാരൻെറ അംശദായം അയാളുടെ കൂലിയിൽനിന്ന്കിഴിവ് വഴിയായും മററു വിധത്തിലല്ലാതെയും വസൂലാക്കൻ അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

(3) ഏതൊരു നിയോജകനും, ഫണ്ടിൻെറ ഭരണം നടത്താനുള്ള ചെലവിലേക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന തുകകൾ കൊടുക്കേണ്ടതാകുന്നു.

(4) (1)-ാം ഉപവകുപ്പിൻകീഴിലെ ഏതെങ്കിലും അംശദായത്തുകയോ (3)-ാം ഉപവകുപ്പിൻകീഴിൽ കൊടുക്കേണ്ട ഏതെങ്കിലും തുകയോ രൂപയുടെ ഭാഗം അടങ്ങുന്നിടത്ത് ആ ഭാഗം അമ്പതുപൈസയോ അതിലധികമോ ആണെങ്കിൽ മുഴുവൻ രൂപയാക്കി വർദ്ധിപ്പിക്കേണ്ടതും അങ്ങനെയുള്ള ഭാഗം അൻപതു പൈസയിൽ കുറവാണെങ്കിൽ അതു അവഗണിക്കേണ്ടതുമാകുന്നു.

9. നിയോജകൻമാരിൽനിന്ന് കിട്ടാനുള്ള തുകകൾ നിശ്ചയിക്കുന്നത്.—(1) നാവികർ പ്രാവിഡൻറ് ഫണ്ട് കമ്മീഷണർക്കോ, ഏതെങ്കിലും ഡെപ്യൂട്ടി നാവികർ പ്രാവിഡൻറ്ഫണ്ട് കമ്മീഷണർക്കോ ഈ ആക്ററിലേയോ പദ്ധതി യിലേയോ ഏതെങ്കിലും വ്യവസ്ഥയ്ക്കുകീഴിൽ ഏതെങ്കിലും നിയോജകനിൽ നിന്ന് കിട്ടാനുള്ളതുക ഉത്തരവുവഴി നിശ്ചയിക്കാവുന്നതും, അതിനു വേണ്ടി ആവശ്യകമെന്ന് താൻ കരുതുന്ന അന്വേഷണവിചാരണ നടത്താവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ അന്വേഷണവിചാരണ നടത്തുന്ന ഉദ്യോഗസ്ഥന്, അങ്ങനെയുള്ള അന്വേഷണവിചാരണയുടെ ആവശ്യത്തിന് താഴെ പറയുന്ന വിഷയങ്ങൾ, അതായത്—

(ക) ഏതെങ്കിലും ആളെ ഹാജരാക്കിക്കുന്നതും അല്ലെങ്കിൽ അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതും ;

(ഖ) രേഖകൾ വെളിപ്പെടുത്താനും ഹാജരാക്കാനും ആവശ്യപ്പെടുന്നതും ;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവു സ്വീകരിക്കുന്നതും ;

(ഘ) സാക്ഷികളെ വിസ്തരിക്കാൻ കമ്മീഷൻ പുറപ്പെടുവിക്കുന്നതും ;

സംബന്ധിച്ച് ഒരു വ്യവഹാരം വിചാരണചെയ്യുന്നതിനായി ഒരു കോടതി യിൽ സിവിൽ നടപടി നിയമസംഹിത 1908(1908-ലെ 5)-ൻ കീഴിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതൊരു അന്വേഷണവിചാരണയും, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-യിലെ 193-ം, 228-ം വകുപ്പുകളുടെ അർത്ഥത്തിലും 198-ാം വകുപ്പിൻെറ ആവശ്യത്തിനും നീതിന്യായ നടപടിയായി കരുതപ്പെടുന്നതുമാകുന്നു.

(3) നിയോജകന്, തൻെറ കേസ് ബോധിപ്പിക്കാൻ ന്യായമായ അവസരം നല്കാതെ ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(4) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് അന്തിമമായിരിക്കുന്നതും, ഏതെങ്കിലും നിയമക്കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

10. നിയോജകൻമാരിൽ നിന്ന് കിട്ടാനുള്ള പണം വസൂലാക്കുന്ന സമ്പ്രദായം.—ഫണ്ടിലേക്ക് കൊടുക്കേണ്ട ഏതെങ്കിലും അംശദായമോ, 12-ാം വകുപ്പിൻകീഴിൽ വസൂലാക്കപ്പെടാവുന്ന നഷ്ടപരിഹാരമോ,ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കുകീഴിൽ അല്ലെങ്കിൽ പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കുകീഴിൽ നിയോജകൻ കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകളോ സംബന്ധിച്ച്, നിയോജകനിൽനിന്നും കിട്ടാനുള്ള ഏതെങ്കിലും തുക, കുടിശ്ശികയാണെങ്കിൽ ഭൂമിക്കരകുടിശ്ശിക ആയിരുന്നാലെന്നപോലെ അതെ രീതിയിൽ കേന്ദ്രഗവൺമെൻറിന് വസൂലാക്കാവുന്നതാണ്.

11. ഫണ്ട് 1961-ലെ 43-ാം നമ്പർ ആക്ററിൻകീഴിൽ അംഗീകൃതപ്രാവിഡൻറ് ഫണ്ടായി കരുതപ്പെടുമെന്ന്.—ആദായനികുതി ആക്ററ്, 1961-ൻെറ ആവശ്യങ്ങൾക്ക്, ഫണ്ട്,ആക്ററിൻെറ അർത്ഥത്തിൽ അംഗീകൃത പ്രാവിഡൻറ് ഫണ്ടായി കരുതപ്പെടുന്നതാകുന്നു.

12. ജപ്തിക്കെതിരായുള്ള സംരക്ഷണം.—(1) ഫണ്ടിൽ ഏതെങ്കിലും അംഗത്തിന്റെ വരവുകണക്കിൽ നില്ക്കുന്നതുക, ഏതെങ്കിലും വിധത്തിൽ തീറുനല്കുകയോ ചാർജ്ജാക്കപ്പെടുകയോ ചെയ്യാൻ കഴിയുന്നതായിരിക്കുന്നതല്ലാത്തതും, ആ അംഗത്തിന് നേരിട്ടിട്ടുള്ള ഏതെങ്കിലും കടമോ ബാദ്ധ്യതയോ സംബന്ധിച്ച് ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിക്കോ ഉത്തരവിനോ കീഴിൽ ജപ്തിക്ക് വിധേയമായിരിക്കുന്നതല്ലാത്തതും, പ്രസിഡൻസിടൗണുകൾ നിർദ്ധനത്വ ആക്റ്റ്, 1909 (1909-ലെ 3)-ൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള അഫിഷ്യൽ അസൈനിക്കോ, പ്രവിശ്യാ നിർദ്ധനത്വ ആക്റ്റ്, 1920 (1920-ലെ 5)-ൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും റിസീവർക്കോ അങ്ങനെയുള്ള ഏതെങ്കിലും തുകയ്ക്ക് അവകാശമോ, അതിൻമേൽ ഏതെങ്കിലും തേർച്ചയോ ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

(2) ഏതെങ്കിലും അംഗത്തിന്റെ മരണസമയത്ത്, ഫണ്ടിൽ അയാളുടെ വരവുകണക്കിൽ നില്ക്കുന്നതും, പദ്ധതിക്ക് കീഴിൽ അയാളുടെ നിർദ്ദിഷ്ടനാമാവിന് കൊടുക്കേണ്ടതും ആയ ഏതെങ്കിലും തുക, പദ്ധതി പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലുംകിഴിവിന് വിധേയമായി, നിർദ്ദിഷ്ടനാമാവിൽ നിക്ഷിപ്തമായിരിക്കുന്നതും, മരിച്ചുപോയ ആൾക്ക് നേരിട്ടിട്ടുള്ളതോ, അംഗത്തിന്റെ മരണത്തിനു മുമ്പ് നിർദ്ദിഷ്ടനാമാവിന് നേരിട്ടിട്ടുള്ളതോ ആയ ഏതെങ്കിലും കടത്തിൽനിന്നോ മററു ബാദ്ധ്യതയിൽനിന്നോ വിമുക്തമായിരിക്കുന്നതുമാണ്.

13. അംശദായങ്ങൾ കൊടുക്കലിന് മററു കടങ്ങളെ അപേക്ഷിച്ചുള്ള മുൻഗണന.—ഏതെങ്കിലും നിയോജകൻ നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യപ്പെടുകയോ, അല്ലെങ്കിൽ കമ്പനി ആയിരിക്കെ, പരിസമാപിക്കപ്പെടാൻ ഉത്തരവായിരിക്കുകയോ ചെയ്യുന്നിടത്ത്, ഫണ്ടിലേക്ക് കൊടുക്കേണ്ട ഏതെങ്കിലും അംശദായമോ, 18-ാം വകുപ്പിൻകീഴിൽ വസൂലാക്കപ്പെടാവുന്ന നഷ്ടപരിഹാരമോ ഈ ആക്റ്റിലെ മറേറതെങ്കിലും വ്യവസ്ഥയ്ക്ക് കീഴിൽ അല്ലെങ്കിൽ പദ്ധതിയുടെ ഏതെങ്കിലും വ്യവസ്ഥയ്ക്കു കീഴിൽ ആ നിയോജകൻ കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകളോ സംബന്ധിച്ച്, അയാളിൽ നിന്ന് കിട്ടാനുള്ള തുക അതിനുള്ളബാദ്ധ്യത ഉദ്ഭൂതമായിട്ടുള്ളത്, ആ ന്യായനിർണ്ണയ ഉത്തരവോ പരിസമാപന ഉത്തരവോ പുറപ്പെടുവിക്കുന്നതിനു മുമ്പ് ആയിരിക്കുന്നിടത്ത്, പ്രസിഡൻസി ടൗണുകൾ നിർദ്ധനത്വ ആക്റ്റ്, 1909 (1909-ലെ 3)-ലെ 49-ാം വകുപ്പിൻ കീഴിലോ പ്രവിശ്യാ നിർദ്ധനത്വ ആക്റ്റ്, 1920 (1920-ലെ 5)-ലെ 61-ാം വകുപ്പിൻകീഴിലോ, കമ്പനി ആക്റ്റ് 1956(1956-ലെ1)ലെ 53-ാംവകുപ്പിൻ കീഴിലോ അതതുസംഗതിപോലെനിർദ്ധനന്റെ വസ്തുവിന്റെയോ പരിസമാപിക്കപ്പെടുന്ന കമ്പനിയുടെ ആസ്തികളുടേയോ വിതരണത്തിൽ മററെല്ലാ കടങ്ങളേയും അപേക്ഷിച്ച്, മുൻഗണന നല്കികൊടുക്കേണ്ട കടങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

14. നിയോജകൻ കൂലികുറയ്ക്കാൻ പാടില്ലെന്ന്.—ഫണ്ടിലേയ്ക്ക് ഏതെങ്കിലും അംശദായമോ, ഈ ആക്റ്റിനോ പദ്ധതിക്കോകീഴിൽ ഏതെങ്കിലും ചാർജ്ജുകളോ കൊടുക്കാനുള്ള തന്റെ ബാദ്ധ്യത കാരണമായി മാത്രം യാതൊരു നിയോജകനും പദ്ധതി ബാധകമാകുന്ന ഏതെങ്കിലും നാവികന്റെ കൂലിയോ ക്രൂവുമായുള്ളകരാറിനോ കക്ഷികൾ തമ്മിലുള്ള മറേറതെങ്കിലും കരാറിനോ കീഴിൽ ആ നാവികന് അവകാശമുള്ളതും വാർദ്ധക്യകാല പെൻഷന്റെയോ ഗ്രാററുവിററിയുടേയോ പ്രാവിഡൻറ്ഫണ്ടിന്റേയോ പ്രകൃതത്തിലുള്ളതുമായ ഗുണങ്ങളുടെ ഒട്ടാകെയുള്ള പരിമാണമോ നേരിട്ടോ അല്ലാതെയോ കുറയ്ക്കാൻ പാടുള്ളതല്ല.

15. ഇൻസ്പെക്ടർമാർ.—(1) ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിൻേറയും പദ്ധതിയുടേയും ആവശ്യങ്ങൾക്കു വേണ്ടി ഇൻസ്പെക്ടർമാരായി യുക്തമെന്നുതോന്നുന്ന ബോർഡ് ജോലിക്കാരെ നിയമിക്കുകയും അവരുടെ അധികാരിത നിർവ്വചിക്കുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഏതൊരു ഇൻസ്പെക്ടർക്കും, ഈ ആക്ററോ പദ്ധതിയോ സംബന്ധിച്ച് നല്കുന്ന ഏതെങ്കിലും വിവരം ശരിയാണോ എന്നതിനെക്കുറിച്ച് അന്വേഷണവിചാരണ നടത്തുന്നതിനുവേണ്ടിയോ അല്ലെങ്കിൽ ഈ ആക്ററിലേയോ പദ്ധതിയിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിക്കപ്പെട്ടിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിന് വേണ്ടിയോ-

(ക) പദ്ധതി സംബന്ധിച്ച് ആവശ്യകമാണെന്ന് താൻ കരുതുന്ന വിവരം നല്കാൻ നിയോജകനോട് ആവശ്യപ്പെടുകയും ;

(ഖ) ന്യായമായ ഏതു സമയത്തും യുക്തമെന്നു തോന്നുന്ന സഹായം വല്ലതും വേണമെങ്കിൽ അതോടുകൂടി ഏതെങ്കിലും ആഫീസിൽ പ്രവേശിക്കുകയോ കപ്പലിൽ കയറുകയോ ചെയ്യുകയും, അത് ശോധന ചെയ്യുകയും അതിൻെറ ചാർജ്ജുള്ളതായി കാണപ്പെടുന്ന ഏതെങ്കിലും ആളോട് നാവികരുടെ നിയോജനമോ നാവികർക്ക് കൂലി കൊടുക്കുന്നതോ സംബന്ധിച്ചുള്ള ഏതെങ്കിലും കണക്കുകളും ബുക്കുകളും രജിസ്ററുകളും പരിശോധനക്കായി തൻെറ മുമ്പാകെ ഹാജരാക്കാൻ ആവശ്യപ്പെടുകയും;

(ഗ) മുൻപറഞ്ഞ ആവശ്യങ്ങളിൽ ഏതിനെങ്കിലും പ്രസക്തമായ ഏതെങ്കിലും വിഷയം സംബന്ധിച്ച്, നിയോജകനേയോ, അയാളുടെ ഏജൻറിനേയോ ഭൃത്യനേയോ ആഫീസിൻെറ അല്ലെങ്കിൽ കപ്പലിൻെറ ചാർജ്ജുള്ളതായി കാണപ്പെടുന്നവനോ, ഇൻസ്പെക്ടർക്ക് ആ ആഫീസിലേയോ കപ്പലിലേയോ ജോലിക്കാരനോ ജോലിക്കാരനായിരുന്നിട്ടുള്ളവനോ ആണെന്ന് വിശ്വസിക്കാൻ ന്യായമായ കാരണമുള്ളവനോ ആയ മറേറതെങ്കിലും ആളേയോ വിസ്തരിക്കുകയും ;

(ഘ) ഫണ്ട് സംബന്ധമായി വച്ചുപോരുന്ന ഏതെങ്കിലും ബുക്കിൻേറയോ രജിസ്ററിൻേറയോ രേഖയുടേയോ പകർപ്പുകളോ, അവയിൽനിന്നുള്ള എക്സ്ട്രാക്ററുകളോ എടുക്കുകയും ഒരു നിയോജകൻ ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം ചെയ്തിട്ടുള്ളതായി തനിക്ക് വിശ്വസിക്കാൻ കാരണമുള്ളിടത്ത്, ആ കുററം സംബന്ധിച്ച് പ്രസക്തമാണെന്ന് താൻ കരുതുന്ന ബുക്കോ യുക്തമെന്നു തോന്നുന്ന സഹായം വല്ലതും വേണമെങ്കിൽ അതോടുകൂടി, രജിസ്ററോ മററു രേഖയോ അതിൻെറ ഭാഗങ്ങളോ പിടിച്ചെടുക്കുകയും ;

(ങ) പദ്ധതി വ്യവസ്ഥ ചെയ്യുന്ന മററു അധികാരങ്ങൾ പ്രയോഗിക്കുകയും

ചെയ്യാവുന്നതാണ്.

(3) ക്രിമിനൽ നടപടി നിയമസംഹിത, 1898(1898-ലെ 5)ലെ വ്യവസ്ഥകൾ, (2)-ാം ഉപവകുപ്പിൻകീഴിലെ ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ, അവ, മുൻപറഞ്ഞ നിയമസംഹിത 80-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വാറൻറിൻെറ പ്രാധികാരത്തിൻകീഴിൽ നടത്തുന്ന ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

(4) ഏതൊരു ഇൻസ്പെക്ററും, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥത്തിൽ പബ്ലിക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

16. ദണ്ഡനങ്ങൾ.—(1) ഈ ആക്ററിൻ കീഴിലോ പദ്ധതിക്കുകീഴിലോ താൻ കൊടുക്കേണ്ട ഏതെങ്കിലും തുക കൊടുക്കാതെ കഴിക്കുന്നതിന് വേണ്ടിയോ, അല്ലെങ്കിൽ അങ്ങനെ കൊടുക്കാതെ കഴിക്കാൻ മറേറതെങ്കിലും ആൾക്ക് കഴിവുണ്ടാക്കുന്നതിനുവേണ്ടിയോ ബോധപൂർവ്വം ഏതെങ്കിലും വ്യാജമായ പ്രസ്താവന ചെയ്യുകയോ ചെയ്യിക്കുകയോ അല്ലെങ്കിൽ എന്തെങ്കിലും വ്യാജമായി ധരിപ്പിക്കുകയോ ധരിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) പദ്ധതിയ്ക്ക് അതിലെ വ്യവസ്ഥകളിൽ ഏതെങ്കിലും, ഉല്ലംഘിക്കുകയോ അത് അനുസരിക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന കാലത്തെ തടവു ശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുകയോ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള ഉല്ലംഘനത്തിനോ അനുസരിക്കാതിരിക്കലിനോ ഈ ആക്റേറാ ആക്ററിൻ കീഴിലോ മറെറാരിടത്തും മററു യാതൊരു ദണ്ഡനവും വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ മൂന്നുമാസത്തോളമാകാവുന്ന തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(4) ഈ ആക്ററിൻകീഴിലോ പദ്ധതിക്ക് കീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം, അങ്ങനെയുള്ള കുററത്തെ ആ കുററമാക്കുന്ന വസ്തുതകളെക്കുറിച്ച് നാവികർ പ്രാവിഡൻറ് ഫണ്ട് കമ്മീഷണറോ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഇൻസ്പെക്ററോ ഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി നല്കുന്ന ലിഖിതമായ ഒരു റിപ്പോർട്ടിൻ മേലല്ലാതെ, യാതൊരു കോടതിയും നടപടിക്ക് എടുക്കാൻ പാടുള്ളതല്ല.

17. കമ്പനികളാലുള്ള കുററങ്ങൾ.— (1) ഈ ആക്ററിനോ പദ്ധതിക്കോ കീഴിൽ കുററം ചെയ്യുന്ന ആൾ കമ്പനിയാണെങ്കിൽ, കമ്പനിക്ക് പുറമേ കുററം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും, ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതും ആണ്;

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും ഏതെങ്കിലും ആളെ കുററം ചെയ്യപ്പെട്ടത് തൻെറ അറിവു കൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നു എന്നോ അയാരം തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിനോ പദ്ധതിക്കോ കീഴിലെ ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ, മാനേജറുടേയോ, സെക്രട്ടറിയുടേയോ മററു ഉദ്യോഗസ്ഥൻേറയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ചെയ്തിട്ടുള്ളതോ, അല്ലെങ്കിൽ അയാളുടെ ഭാഗത്തുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്നു കല്പിക്കപ്പെടാവുന്നതോ ആണെന്ന് തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ മററു ഉദ്യോഗസ്ഥനോ ആ കുററത്തിനു അപരാധിയാണെന്നു കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതും ആകുന്നു.

(3) ഈ ആക്ററിനോ പദ്ധതിക്കോ കീഴിലെ ഏതെങ്കിലും കുററം ഇൻഡ്യയിൽ രജിസ്ററർ ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിരിക്കുകയും ആ കമ്പനിക്ക് ഇൻഡ്യയിൽ ഒരു ഏജൻറ് ഉണ്ടായിരിക്കുകയും, ഏജൻറും ഒരു കമ്പനി ആയിരിക്കുകയും ചെയ്യുന്നിടത്ത്, ഈ വകുപ്പിലെ വ്യവസ്ഥകരം, ആ ഏജൻറിന് കുററം, ആ ഏജൻറിനാൽ ചെയ്യപ്പെട്ടിരുന്നാലെന്നപോലെ ബാധകമാകുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങരംക്ക്—

(ക) 'കമ്പനി' എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സംഘടനയോ ഉരംപ്പെടുന്നതും;

(ഖ) 'ഡയറക്ടർ' എന്നാൽ ഒരു ഫേം സംബന്ധിച്ച്, അതിലെ പങ്കാളി എന്നർത്ഥമാകുന്നതും,

ആണ്.

18. <u>നഷ്ടപരിഹാരം വസൂലാക്കാനുള്ള അധികാരം.</u>— ഏതെങ്കിലും നിയോജകൻ ഫണ്ടിലേയ്ക്കുള്ള ഏതെങ്കിലും അംശദായം കൊടുക്കുന്നതിലോ, അല്ലെങ്കിൽ ഈ ആക്ററിലെ മറേറതെങ്കിലും വ്യവസ്ഥയ്ക്ക് കീഴിലോ പദ്ധതിക്ക് കീഴിലോ കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകരം കൊടുക്കുന്നതിലോ വീഴ്ച വരുത്തുന്നിടത്ത്, ഗവൺമെൻറിന് നിയോജകനിൽനിന്ന് യുക്തമെന്നുതോന്നുന്നതും, കുടിശ്ശികത്തുകയുടെ ഇരുപത്തഞ്ചു ശതമാനത്തിൽ കവിയാത്തതുമായ നഷ്ടപരിഹാരം വസൂലാക്കാവുന്നതാണ്.

19. <u>അക്കൌണ്ട് മാററുന്നത്.</u>— ഒരു നാവികൻ നാവികവൃത്തി, അത് പുനരാരംഭിക്കാൻ തൽക്കാലം ഉദ്ദേശമില്ലാതെ വിടുകയും അയാരംക്ക് ജോലിക്കാർ പ്രാവിഡൻറ്ഫണ്ട് ആക്ററ്, 1952 (1952-ലെ 19) ബാധകമാകുന്ന ഏതെങ്കിലും സ്ഥാപനത്തിൽ നിയോജനം ലഭിക്കുകയും ചെയ്യുന്നിടത്ത്, ഫണ്ടിൽ അങ്ങനെയുള്ള നാവികൻെറ വരവ് കണക്കിൽ നില്ക്കുന്ന തുക, ആ സ്ഥാപനത്തിലെ പ്രാവിഡൻറ്ഫണ്ടിലെ തൻെറ അക്കൗണ്ടിലെ വരവു കണക്കിലേക്ക് മാററണമെന്ന് ആ നാവികൻ ആഗ്രഹിക്കുകയും, ആ പ്രാവിഡൻറ്ഫണ്ട് സംബന്ധിച്ച ചട്ടങ്ങരം അങ്ങനെയുള്ള മാററം അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ, ബോർഡ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ അപ്രകാരം മാററപ്പെടേണ്ടതാകുന്നു.

20. ഒഴിവാക്കാനുള്ള അധികാരം.—(1) ബോർഡിന് ഈ ആക്റ്റ് ബാധകമാകുന്ന ഏതെങ്കിലും നാവികനേയോ അയാളുടെ നിയോജകനേയോ ബോർഡിന്റെ അഭിപ്രായത്തിൽ ആ നാവികൻ പ്രാവിഡന്റ് ഫണ്ടിന്റേയോ പെൻഷന്റേയോ പ്രകൃതത്തിലുള്ള ഗുണങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും, അങ്ങനെയുള്ള ഗുണങ്ങൾ അയാൾക്ക് വെവ്വേറെയായോ കൂട്ടായോ മൊത്തത്തിൽ, ഈ ആക്റ്റോ ആക്റ്റിൻ കീഴിലോ നല്കുന്ന ഗുണങ്ങളേക്കാൾ ആനുകൂല്യം കുറഞ്ഞവയല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, ഈ ആക്റ്റിലെ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിന്റേയെങ്കിലുമോ പ്രവർത്തനത്തിൽ നിന്ന് ലിഖിതമായ ഉത്തരവുവഴി ഒഴിവാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒഴിവാക്കൽ നല്കിയിട്ടുള്ളിടത്ത്, ഒഴിവാക്കൽ നല്കിയതിനുശേഷം ഏതെങ്കിലും സമയത്ത് അങ്ങനെ ഒഴിവാക്കൽ നല്കിയ സമയത്ത് ആ നാവികന് അവകാശമുണ്ടായിരുന്നതും പ്രാവിഡന്റ് ഫണ്ടിന്റേയോ പെൻഷന്റേയോ ഗ്രാറ്റുവിററിയുടേയോ പ്രകൃതത്തിലുള്ളതുമായ ഗുണങ്ങളുടെ ഒട്ടാകെയുള്ള പരിമാണം നിയോജകൻ ബോർഡിന്റെ അനുവാദംകൂടാതെ കുറയ്ക്കാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് നിയോജകൻ പ്രവർത്തിക്കാതിരിക്കുന്നുവെങ്കിൽ, ബോർഡിന് ഈ വകുപ്പിൻ കീഴിൽ നല്കുന്ന ഏതെങ്കിലും ഒഴിവാക്കൽ ലിഖിതമായ ഉത്തരവുവഴി റദ്ദാക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും നിർദ്ദിഷ്ടമായ റദ്ദാക്കലിനു എതിരായി, കാരണം കാണിക്കാൻ നിയോജകന് ന്യായമായ അവസരം നല്കിയിട്ടില്ലാത്തപക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

21. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം.—ഈ ആക്റ്റിൻ കീഴിലോ പദ്ധതിക്ക് കീഴിലോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും കാര്യം സംബന്ധിച്ച്, ഗവൺമെന്റിനോ ബോർഡിനോ, അതിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജോലിക്കാരനോ എതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

22. പ്രത്യായോജനം.—(1) ഈ ആക്റ്റോ പദ്ധതിയോ ഗവൺമെന്റിന് നല്കുന്നതോ ഗവൺമെന്റിന്റെ മേൽ ചുമത്തുന്നതോ ആയ (3-ാം വകുപ്പിൻ കീഴിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിനുള്ളതല്ലാത്ത)ഏതെങ്കിലും അധികാരമോ കർത്തവ്യമോ നിദേശത്തിൽ വിനിർദ്ദേശിക്കപ്പെടുന്ന പരിത:സ്ഥിതികളിലും ഉപാധികൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് കീഴിലും, അപ്രകാരം വിനിർദ്ദേശിക്കപ്പെടുന്ന ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ കൂടി പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതാണെന്ന് ഗവൺമെന്റിന്, ഉത്തരവുവഴി, നിദേശിക്കാവുന്നതാണ്.

(2) ബോർഡിന്, ഈ ആക്റ്റിൻകീഴിലെ, അതിന്റെ ചുമതലകളിൽ പദ്ധതിയുടെ കാര്യക്ഷമമായ ഭരണത്തിന് ആവശ്യകമാണെന്ന് അത് കരുതുന്നവ, അതിന്റെ ചെയർമാനോ അതിലെ ജോലിക്കാരിൽ ആർക്കെങ്കിലുമോ, ബോർഡ് വിനിർദ്ദേശിക്കുന്ന ഉപാധികളും പരിമിതി വ്യവസ്ഥകളും വല്ലതും ഉണ്ടെങ്കിൽ അവയ്ക്ക് വിധേയമായി, ഗവൺമെന്റിന്റെ മുൻ അംഗീകാരത്തോടുകൂടി പ്രത്യായോജനം ചെയ്യാവുന്നതാണ്.

23. വിഷമതകരം നീക്കം ചെയ്യാനുള്ള അധികാരം.—ഈ ആക്ററിലെ വ്യവസ്ഥകരംക്ക് പ്രഭാവം നല്കുന്നതിൽ ഏതെങ്കിലും വിഷമത ഉദ്ഭവിക്കുന്നുവെങ്കിൽ, ഗവൺമെൻറിന് ഈ ആക്ററിൻെറ വ്യവസ്ഥകളോട് അസംഗതമല്ലാത്തതും ആ വിഷമത നീക്കാൻ ആവശ്യകമായതോ സമീചീനമായതോ ആണെന്ന് തോന്നുന്നതുമായ ഉത്തരവു പുറപ്പെടുവിക്കുകയോ നിദേശം നല്കുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതൊരു ഉത്തരവും അന്തിമമായിരിക്കുന്നതുമാണ്.

24. പദ്ധതി പാർലമെൻറിൻെറ സഭകളുടെ മുമ്പാകെ വയ്ക്കണമെന്ന്.—ഈ ആക്ററിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഏതൊരു പദ്ധതിയും, അത് തയ്യാറാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോരം അതിൻെറ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, ഏത് സമ്മേളനത്തിലാണോ, അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപു ഇരുസഭകളും പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥയിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം പദ്ധതിയിലെ ആ വ്യവസ്ഥയ്ക്ക് അതതുസംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കയോ ചെയ്യുന്നതുമാകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ വ്യവസ്ഥയ്ക്ക് കീഴിൽ മുമ്പു ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്തവിധത്തിലായിരിക്കുന്നതാണ്.

## പട്ടിക

[3 (2) വകുപ്പ് നോക്കുക]

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന വിഷയങ്ങരം

1. ഫണ്ടിൽ ചേരേണ്ട നാവികർ.

2. നിയോജകൻമാരും നാവികരും അല്ലെങ്കിൽ നാവികർക്കുവേണ്ടിയും ഫണ്ടിലേക്ക് അംശദായം ചെയ്യേണ്ട സമയവും രീതിയും.

3. ഫണ്ടിൻെറ ഭരണം നടത്താനുള്ള ചെലവ് നേരിടുന്നതിന് ആവശ്യമാകാവുന്നത്ര തുകകരം നിയോജകൻ കൊടുക്കുന്നതും അങ്ങനെ കൊടുക്കേണ്ടത് ഏത് നിരക്കിലും ഏത് രീതിയിലും ആണെന്നുള്ളതും.

4. ബോർഡിൻെറ മററു ചുമതലകരം.

5. ബോർഡിനെ സഹായിക്കുന്നതിന് ഏതെങ്കിലും കമ്മിററി ഏർപ്പെടുത്തുന്നത്.

6. ബോർഡിൻെറ പ്രാദേശിക ആഫീസുകളും മററ് ആഫീസുകളും തുറക്കുന്നത്.

7. കണക്കുകൾ വച്ചുപോരേണ്ട രീതിയും ഗവൺമെൻറ് പുറപ്പെടുവിക്കുന്ന നിദേശങ്ങളോ വിനിർദ്ദേശിക്കുന്ന ഉപാധികളോ അനുസരിച്ച്, ഫണ്ട് വക പണം നിക്ഷേപിക്കുന്നതും ബഡ്ജററ് തയ്യാറാക്കുന്നതും കണക്കുകൾ ആഡിററ് ചെയ്യുന്നതും, ഗവൺമെൻറിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതും.

8. ഏതെല്ലാം ഉപാധികൾക്ക് കീഴിലാണോ, ഫണ്ടിൽനിന്ന് പണം പിൻവലിക്കാൻ അനുവദിക്കുകയും ഏതെങ്കിലും കിഴിവുകളോ കണ്ടുകെട്ടലോ നടത്തുകയും ചെയ്യാവുന്നത്, ആ ഉപാധികളും അങ്ങനെയുള്ള കിഴിവുകളുടേയോ കണ്ടുകെട്ടലിൻേറയോ പരമാവധിത്തുകയും.

9. അംഗങ്ങൾക്കു കൊടുക്കേണ്ട പലിശയുടെ നിരക്ക് ഗവൺമെൻറ് ബോർഡുമായി ആലോചിച്ച് നിജപ്പെടുത്തുന്നത്.

10. ആവശ്യപ്പെടുമ്പോഴെല്ലാം ഒരു നാവികൻ തന്നെക്കുറിച്ചും തൻെറ കുടുംബത്തെക്കുറിച്ചും വിവരങ്ങൾ നല്കേണ്ട ഫാറം.

11. തൻെറ മരണാനന്തരം തൻെറ വരവുകണക്കിൽ നില്ക്കുന്ന തുക വാങ്ങാനായി ഒരംഗം ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും, അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതും.

12. നാവികരെ സംബന്ധിച്ച് നിയോജകൻമാർ വച്ചുപോരേണ്ട രജിസ്ററുകളും, റിക്കാർഡുകളും നല്കേണ്ട റിട്ടേണുകളും.

13. ഈ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ആവശ്യങ്ങളിൽ ഏതിനെങ്കിലും ചുമത്തേണ്ട ഫീസ്.

14. 16-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടേണ്ടതായിരിക്കുന്ന ഉല്ലംഘനങ്ങളും വീഴ്ചകളും.

15. ഇൻസ്പെക്ടർമാർക്ക് പ്രയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ വല്ലതുമുണ്ടെങ്കിൽ, അവ.

16. ഏത് ഉപാധികൾക്ക് കീഴിലാണോ ഫണ്ടിൽനിന്ന് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം കൊടുക്കാൻ ഒരു അംഗത്തെ അനുവദിക്കാവുന്നത്, ആ ഉപാധികൾ.

17. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി ആവശ്യകമോ സമുചിതമോ ആയതോ ആയ മറേറതെങ്കിലും വിഷയം.

---